**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **02-02-2023 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് സ്പിന്നിംഗ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽപ്പെട്ട എടരിക്കോട് സ്പിന്നിംഗ് മില്ലിൽ തൊഴിലാളികളുടെയും, ക്ലറിക്കൽ സ്റ്റാഫുകളുടെയും കരാർ കാലാവധി പുതുക്കുന്നതിൽ ക്ലറിക്കൽ സ്റ്റാഫുകളുടേത് മാത്രം വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എടരിക്കോട് ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലെ ഓഫീസ് ജീവനക്കാരുടെയും മില്ലുകളിലെ തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ വെവ്വേറെ ദീർഘകാല കരാർ (LTA) പ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്. ഇതിൽ, തൊഴിലാളികളുടെ പുതുക്കിയ ദീർഘകാല കരാർ 2022 മാർച്ചിൽ നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത ദീർഘകാല കരാർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | എടരിക്കോട് സ്പിന്നിങ് മില്ലിലെ ക്ലറിക്കൽ തൊഴിലാളികളുടെ കരാർ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഓഫീസ് ജീവനക്കാരുടെ ദീർഘകാല കരാർ നടപ്പിലാക്കുന്നതിന്റെ ചർച്ചകൾ അന്തിമഘട്ടത്തിലാണ്. പുതുക്കിയ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് കൊണ്ടുള്ള ദീർഘകാല കരാർ നിലവിൽ വരുന്നതോട്ടു കൂടി മുൻഗണനാ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ